(ബി) അംഗൻവാടി ജീവനക്കാരുടെ നിലവിലുള്ള സേവന-വേതനം പരിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് പൊതുവായ ചട്ടം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

(സി) അംഗൻവാടി ജീവനക്കാർക്ക് പി. എസ്. സി. മുഖേനയുള്ള നിയമനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിലെ ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയിൽ പി. എസ്. സി. നിയമനത്തിന് 10 വർഷം സർവ്വീസുള്ളതും എസ്. എസ്. എൽ. സി. പാസ്സായതുമായ അംഗൻവാടി വർക്കർമാർക്ക് 25% സീറ്റ് വകുപ്പിന്റെ വിശേഷ ചട്ടപ്രകാരം നീക്കിവച്ചിട്ടുണ്ട്. കൂടാതെ മേൽ നിയമനത്തിന് സേവനദൈർഘ്യം അനുസരിച്ച് പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിച്ചിട്ടുണ്ട്.

അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

12 [450] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാർ നിശ്ചയിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവന -വേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പു മുൻ ഡയറക്ടറെ ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നു.

(സി) ഉണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമല്ല.

അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി

13 [451] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ഓണറേറിയം എത്രയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിച്ചിരുന്നോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുമെന്ന് സർക്കാർ മുന്പ് ഉറപ്പു നൽകിയിരുന്നോ;

(ഇ) എങ്കിൽ എത്രയും വേഗം ഈ ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അംഗൻവാടി ജീവനക്കാരുടെ നിലവിലുള്ള ഓണറേറിയം നിരക്ക് ചുവടെ ചേർക്കുന്നു:

വിഭാഗം	ഓണറേറിയം 16-5-87 മുതൽ (കേന്ദ്ര വിഹിതം)	1-4-02 മുതൽ പരിഷ്കരിച്ച വിഹിതം ഓണറേറിയം (കേന്ദ്ര വിഹിതം)	നിലവിലുള്ള സംസ്ഥാന വിഹിതം	ആകെ
അംഗൻവാടി വർക്കർ				
(എ). 1. നോൺ മെട്രിക്കുലേറ്റ്	438	938	300	1238
2. നോൺ മെട്രിക്കുലേറ്റ് 5 വർഷം പരിചയം	469	969	300	1269
3. നോൺ മെട്രിക്കുലേറ്റ് 10 വർഷം പരിചയം	500	1000	300	1300
(ബി) 1. മെട്രിക്കുലേറ്റ്	500	1000	300	1300
2. മെട്രിക്കുലേറ്റ് 5 വർഷം പ്രവൃത്തി പരിചയമുള്ളവർ	531	1031	300	1331
3. 10 വർഷം പ്രവൃത്തി പരിചയമുള്ളവർ	563	1063	300	1363
അംഗൻവാടി ഹെൽപ്പർ (സേവന ദൈർഘ്യം കണക്കാക്കാതെ)	260	500	300	800

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) ഉണ്ട്. ഏകദേശം 23 കോടിയോളം രൂപ പ്രതിവർഷം സർക്കാരിന് അധിക ബാധ്യത വരുന്ന നിർദ്ദേശങ്ങളാണ് ഏകാംഗകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലുള്ളത്.

(ഡി) & (ഇ) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം കാലാകാലങ്ങളിൽ കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. കേന്ദ്ര സർക്കാർ ഓണറേറിയം വർദ്ധിപ്പിക്കുന്നതനുസരിച്ച് സംസ്ഥാന സർക്കാർ വിഹിതവും നൽകിവരുന്നു.

പൂവർ ഹോമുകളിലെ അന്തേവാസികൾക്ക് വൈദ്യസഹായം ലഭ്യമാക്കാൻ നടപടി

14 [452] *ശ്രീമതി എറിസബത്ത് മാമ്മൻ മത്തായി:*
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
„ *തോമസ് ഉണ്ണിയാടൻ:*
„ *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൂവർഹോമുകളിൽ കഴിയുന്ന അശരണർക്ക് പ്രതിദിനം ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പൂവർഹോമുകളിലെ അന്തേവാസികൾക്ക് മാനസികാരോഗ്യം പ്രദാനം ചെയ്യാൻ കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ 48 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി 48 സ്ഥാപനങ്ങളിൽ 37 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതാണ്. 16 എണ്ണം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. കെയർഹോം, വൃദ്ധമന്ദിരങ്ങൾ, വികലാംഗസദനങ്ങൾ, മഹിളാമന്ദിരങ്ങൾ, ആശാഭവനുകൾ, ചിൽഡ്രൻസ്ഹോം, ആഫ്റ്റർ കെയർ ഹോം, ബാലവികലാംഗ സദനങ്ങൾ, വികലാംഗ സദനങ്ങൾ, വയോജന പകൽ പരിപാലനകേന്ദ്രത്തോട് കൂടിയ സ്ത്രീകളുടെ വൃദ്ധമന്ദിരം, റെസ്ക്യൂഹോമുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ തുടങ്ങിയ വിഭാഗങ്ങളിലായാണ് ഈ 48 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ക്ഷേമ സ്ഥാപനങ്ങളിൽ എല്ലാ വർഷവും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഐ. എം. എ.-യുടെ സഹകരണവും ലഭിക്കുന്നുണ്ട്. കിടത്തി ചികിത്സ ആവശ്യമുള്ളവരെ അടുത്തുള്ള സർക്കാർ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയാണ് പതിവ്. ചില സ്ഥാപനങ്ങളിൽ പാർട്ട്ടൈം മെഡിക്കൽ ഓഫീസർമാർ ഓണറേറിയം വ്യവസ്ഥയിൽ അന്തേവാസികളെ ചികിത്സിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly